# ഗവർണറുടെ സ്വാതന്ത്ര്യദിന സന്ദേശം

അറുപത്തിരണ്ടാമത് സ്വാതന്ത്ര്യ ദിനാഘോഷവേളയിൽ കേരളീയ ജനതയ്ക്ക് ഞാൻ എന്റെ ആത്മാർത്ഥമായ ശുഭാശംസകളർപ്പിക്കുന്നു.

ഈ പ്രൗഢമായ സന്ദർഭത്തിൽ പ്രസിദ്ധരായ സ്വാതന്ത്ര്യസമരസേനാനികൾ നടത്തിയ ത്യാഗത്തെക്കുറിച്ച് നമുക്ക് സ്മരിക്കാം. ഒരു ജനാധിപത്യ രാജ്യമെന്ന നിലയിൽ ഭാരതം സമ്പന്നവും കർമ്മോന്മുഖവുമാവുന്നതിനും ഏതു വെല്ലുവിളിയും ദൃഢനിശ്ചയത്തോടും ഉൾക്കരുത്തോടുംകൂടി നേരിടുന്നതിനും വേണ്ടിയുള്ള യത്നത്തിലേക്ക് നമ്മെത്തന്നെ പുനരർപ്പിക്കാം.

സ്വാതന്ത്ര്യദിനത്തിനു തൊട്ടുമുമ്പ് 2008 ബെയ്ജിംഗ് ഒളിംമ്പിക്സിൽ അഭിനവ് ബിന്ദ്ര കൈവരിച്ച നേട്ടം നമുക്ക് സന്തോഷം നൽകുന്നു എന്നു മാത്രമല്ല ഭാവി ശുഭോദർക്കവുമാക്കുന്നു.

സാമൂഹ്യനീതിയും മതേതര മനോഭാവവും ഉയർത്തിപ്പിടിച്ചുകൊണ്ട് ജനതയുടെ പുരോഗതിക്കുവേണ്ടി പരിശ്രമിക്കുവാനുള്ള പ്രതിജ്ഞ നമുക്കു വീണ്ടും പുതുക്കാം.